10.	മരാമത്ത്, ഇലക്ട്രിക്കൽ പ്രവർത്തി സ്ഥിരനിക്ഷേപം	-	22,25,41,661
11.	ഡെപ്പോസിറ്റ്, അഡ്വാൻസ്	-	4,38,15,393
12.	ജീവനക്കാർക്കുള്ള ലോൺ അഡ്വാൻസ് തുടങ്ങിയവ	-	1,11,91,398
			40,06,13,107

(സി) ദേവസ്വത്തിന്റെ ചെലവിനങ്ങളിൽ ജീവകാരുണ്യ പ്രവർത്തനം എന്ന നിലയിൽ ദേവസ്വം മെഡിക്കൽ സെന്റർ മാത്രമാണ് പ്രധാനമായും പ്രവർത്തിച്ചുവരുന്നതെന്നും ദേവസ്വം മെഡിക്കൽ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ഒരു സാമ്പത്തിക വർഷം ശരാശരി 40 ലക്ഷം രൂപയോളം ചെലവുവരുന്നുണ്ടെന്നും ആയത് ദേവസ്വത്തിന്റെ വരുമാനത്തിന്റെ ഒരു ശതമാനം ആണെന്നും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് നിത്യവും സൗജന്യഭക്ഷണം നൽകിവരുന്നുണ്ട്. കൂടാതെ ഗുരുവായൂരുള്ള കസ്തൂർബാ സദനം, ഗുരുവായൂർ മുനിസിപ്പാലിറ്റി നടത്തുന്ന അഗതി മന്ദിരം എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് നിത്യവും ഉച്ചഭക്ഷണം ദേവസ്വത്തിൽനിന്നും എത്തിച്ചുകൊടുക്കുന്നുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ രാജി

116 (1940)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറായി നിയമിക്കപ്പെട്ട ശ്രീ. സുബ്രഹ്മണ്യം ആ സ്ഥാനം രാജി വയ്ക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ ദേവസ്വം ബോർഡ് കമ്മിഷണറായി നിയമിച്ചുകൂടാ എന്ന് ഏതെങ്കിലും നിയമം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശ്രീ. സുബ്രഹ്മണ്യം എന്നയാളെ കമ്മീഷണറായി നിയമിച്ചിരുന്നില്ല.

(ബി) ഇല്ല.

നെൽ ബോർഡ് രൂപീകരണം

117 (1942)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നെൽ ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണ്; ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly